(ഡി) 1955-56-ൽ പുതുതായി ഹൈസ്കൂളുകൾ തുടങ്ങുന്നില്ല. 1956-57-ലേയ്ക്ക് നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അപേക്ഷകൾ കിട്ടിയാൽ ഈ കാര്യം ആലോചിക്കുന്നതാണ്.

Recruitment by Employment Exchanges.

117. [3] **Shri A. A. D. Luiz:** Will the Chief Minister be pleased to state the exact number of Anglo-Indians who were provided with employment during the past three years by the Employment Exchanges functioning in this State ?

Answer.

34 Anglo-Indians were provided with employment during the past three years by the Employment Exchanges functioning in this State.

എക്സ് പോലീസുകാരന്റെ നിരാഹാരവ്രതം.

118. [8] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

പുന്നപ്ര പോലീസ് സ്റ്റേഷൻ നടയിൽ ഒരു എക്സ് പോലീസ് കോൺസ്റ്റബിൾ നിരാഹാരം അനുഷ്ഠിച്ചതിന്റെ കാരണമെന്താണ് ?

ഉത്തരം.

പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഡിസ്മിസ് ചെയ്ത വേലായുധൻപിള്ള എന്നയാൾ പുന്നപ്ര പോലീസ് സ്റ്റേഷനു മുൻവശത്ത് 27-1-1955-ലും 11-2-55-ലും സത്യാഗ്രഹം അനുഷ്ഠിച്ചു. തിരുവനന്തപുരം ഡി. എസ്. പി. യും, സ്റ്റേഷൻ സബ് ഇൻസ്പെക്ടരും തന്നെ ഡിപ്പാർട്ടുമെന്റിൽനിന്നും നീക്കം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി സർവ്വീസ് സംബന്ധമായി ഉപദ്രവിച്ചു കഷ്ടപ്പെടുത്തി എന്നുള്ളതാണ് കാരണം. വേലായുധൻപിള്ളയുടെ നിവേദനങ്ങൾ ഗവണ്മെന്റിന്റെ അനേഷണത്തിൽ ഇരിക്കുകയാണ്. താമസംവിനാ അതിനു ഒരു തീരുമാനം ഉണ്ടാകുന്നതാണ്.

മിനിമംവേജസിനെപ്പറ്റിയുള്ള പ്രമേയം.

119. [6] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ കയർ തൊഴിലാളികളുടെ മിനിമംവേജസ് നടപ്പിലാക്കുന്നതിനെക്കുറിച്ച് പാസാക്കിയ അനുഭാവികപ്രമേയം നടപ്പിൽ വരുത്തുന്നതിന് ഗവണ്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എതെല്ലാം ?

ഉത്തരം.

(എ)-(ബി) ഈ പ്രമേയം നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുത്തു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly